കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കല്ലിയൂർ ഗ്രാമപഞ്ചായത്ത്- വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 1015/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 31-3-2012.

---

**പരാമർശം :-**

1. കല്ലിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1-3-2012 -ലെ 11/1-ാം നമ്പർ തീരുമാനം.
2. കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-3-2012-ലെ കത്ത്
3. റവന്യൂ (ബി) വകുപ്പിന്റെ 23-3-2012-ലെ 19211/ബി3/12/ആർഡി നമ്പർ സർക്കാർ കത്ത്.

ഉത്തരവ്

കല്ലിയൂർ, വെങ്ങാന്നൂർ ഗ്രാമപഞ്ചായത്തുകളിലേയും തിരുവനന്തപുരം കോർപ്പറേഷനിൽ ഉൾപ്പെട്ട തിരുവല്ലം മേഖലയുടെയും രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കല്ലിയൂർ വില്ലേജിലെ സർവേ നമ്പർ 416/3-1 ൽപ്പെട്ട സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 26.16 ആർ ഭൂമി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം തീരുമാനിക്കുകയും പരാമർശം രണ്ട് പ്രകാരം സർക്കാരിൽ അനുമതിയ്ക്ക് അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക തിരുവനന്തപുരം ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് കല്ലിയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഏ. ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

To

ജില്ലാ കളക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, തിരുവനന്തപുരം
സെക്രട്ടറി, കല്ലിയൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.